പഞ്ചായത്തു് ഇൻസ്പെക്ടർമാരുടെ നിയമനം.

* 389. [32] ശ്രീ. ആർ, കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ തദ്ദേശഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു് ഇൻസ്പെക്ടർമാരുടെ നിയമനം എന്തടിസ്ഥാനത്തിലാണു് നടത്തുന്നതു് ;

(ബി) ഈ നിയമത്തിൽ പഞ്ചായത്തു് എക്സിക്യൂട്ടീവു് ആഫീസർമാർക്കു് സീറ്റുകൾ നീക്കിവെക്കാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയെണ്ണം ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) പഞ്ചായത്തു് ഡിപ്പാർട്ടുമെൻറിലെ ഉയർന്നതരം ഗുമസ്ഥന്മാർക്കും (U. D. Clerks) പഞ്ചായത്തു് എക്സിക്യൂട്ടീവു് ആഫീസർമാർക്കും അവരുടെ സീനിയോറിട്ടിയും മറ്റു യോഗ്യതയും അനുസരിച്ചു് പ്രമോഷൻ നൽകിയാണു് രണ്ടാം ഗ്രേഡു് പഞ്ചായത്തു ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുന്നതു്. രണ്ടാം ഗ്രേഡു് ഇൻസ്പെക്ടർമാരെ പ്രമോട്ടു ചെയ്താണു് ഒന്നാം ഗ്രേഡു് ഇൻസ്പെക്ടർമാരായി നിയമിക്കുന്നതു്.

(ബി) ഉണ്ടു്.

(സി) ആകെ ഉണ്ടാകുന്ന തസ്തികകളുടെ അമ്പതു് ശതമാനം.

Transport Offices And Workshops

390. [38] **Shri Mohsin Bin Ahamed**: Will the Minister for Transport be pleased to state :

(a) In how many District Headquarters have the Government provided Government buildings for State Transport Offices, workshops; and staff quarters and in how many, are they held in rented buildings;

(b) What are the District Headquarters where Government have not been able to provide suitable and adequate accommodation for Transport offices, workshops and staff quarters ;

(c) What are the steps taken by the Government to rectify these defects; and

(d) What is the nature of the accommodation provided in Kozhikode ;

(e) Is the accommodation there satisfactory ;

(f) What action has been taken by the Government to provide suitable accommodation ?

Minister for Transport & Labour (**Shri K. T. Achuthan** :)

(a) In nine District Headquarters the offices and workshops are housed in Government buildings. In one District they are now held in rented buildings. Staff quarters are not provided in any District Headquarters.

LIBRARY ARCHIVES Kerala Legislative Assembly

(b) The accommodations available in Ernakulam, Kottarakara, Alleppey, Kozhikode and Alwaye are not quite adequate for offices and workshops.

(c) Steps are being taken to acquire more land for construction of buildings.

(d) In Kozhikode, the District Office and Garage are housed in a rented building.

(e) The accommodation is not quite satisfactory.

(f) Action is being taken to acquire an area of 2.59 acres in T. S. Nos, 864/1 and 881/1 in Ward No. 5, Block 18 and 19 within the Kozhikode Corporation limit to construct suitable buildings and garage.

LIBRARY ARCHIVES Kerala Legislative Assembly

''ഹിൽടോക്'റ്റ് ഏരിയ''യായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ.

* 391. [40] ശ്രീ. കെ. വി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ''ഹിൽടാക്'റ്റ് ഏരിയ''യായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാം ;

(ബി) 'ഹിൽടാക്'റ്റ് ഏരിയ'യായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ജോലിനോക്കുന്ന എല്ലാ ഗവണ്മെന്റ് ജീവനക്കാർക്കും 'ഹിൽടാക്'റ്റ്' അലവൻസിന്നർഹതയുണ്ടോ ;

(സി) ഹിൽടാക്'റ്റ് ഏരിയായിൽ ജോലിനോക്കുന്ന എല്ലാ ഗവണ്മെന്റ് ജീവനക്കാർക്കും ഈ അലവൻസ് കൊടുക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ദേവികുളം താലൂക്കും, കേരള സബ്ഡിവിസ് റൂൾസ് ഒമ്പതാം അനുബന്ധത്തിൽ ക്ലാസ് 1 ടാക്'റ്റായി വിവരിച്ചിട്ടുള്ള പീരുമേട്, ഉടുമ്പഞ്ചോല എന്നീ താലൂക്കുകളുടെ ഭാഗങ്ങളും, ചാലക്കുടി, തൃശ്ശൂർ ഡിവിഷനുകളിൽപെട്ട ഹിൽസ്'റ്റേഷനുകളും ഉൾപ്പെടെയുള്ള സ്ഥലങ്ങളെയാണ് ഈ സംസ്ഥാനത്തിലെ 'ഹിൽടാക്'റ്റ് ഏരിയ'കളായി കരുതപ്പെട്ടിട്ടുള്ളത്.

(ബി) ഇല്ല. ഹിൽടാക്'റ്റ് ഏരിയായിൽ ജോലി നോക്കുകയും അവിടെത്തന്നെ താമസിയ്ക്കുകയും ചെയ്യുന്ന ഗവണ്മെന്റ് ജീവനക്കാർക്ക് മാത്രമേ കേരള സബ്ഡിവിസ് റൂൾസ് നാലാം അനുബന്ധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കോമ്പൻസേറ്ററി അലവൻസിന്നർഹതയുള്ളൂ.

(സി, ഡി) മേല്പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

മദ്യപിക്കാൻ കൊടുത്തിട്ടുള്ള പെർമിറ്റ്.

* 392. [46] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരിൽ എത്ര പേർക്ക് മദ്യനിരോധന മേഖലയിൽ മദ്യപിക്കാൻ പെർമിറ്റ് കൊടുത്തിട്ടുണ്ട് ;

(ബി) അവരിൽ എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ ഉണ്ട് ;

(സി) അവർ ആരെല്ലാം ?